**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.**3808**

11-11-2019 ൽ മറുപടിയ്ക്ക്

**അഗ്നി സുരക്ഷാ സേവന വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സജി ചെറിയാൻ**<br>**ശ്രീ.പി.വി.അൻവർ**<br>**ശ്രീ.ബി.ഡി.ദേവസ്സി**<br>**ശ്രീ.ഒ.ആർ.കേളു** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| എ) പ്രകൃതി ദുരന്ത വേളയിലെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് അഗ്നി സുരക്ഷാ സേവന വകുപ്പിൻ കീഴിൽ സന്നദ്ധ സേവകരെ ഉൾപ്പെടുത്തി ജനകീയ ദുരന്ത പ്രതിരോധ സേന (സിവിൽ ഡിഫൻസ്) രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ; | എ) അഗ്നിരക്ഷാ സേവന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് സന്നദ്ധ സേവകരെ ഉൾപ്പെടുത്തി സിവിൽ ഡിഫൻസ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) ദുരന്ത സാഹചര്യങ്ങളിൽ സിവിൽ ഡിഫൻസ് സേനയുടെ ചുമതലകൾ എന്തെല്ലാമാണ്; വിശദമാക്കാമോ? | ബി) സിവിൽ ഡിഫൻസ് സേനയുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്.<br>• പ്രകൃതി ദുരന്ത സാദ്ധ്യതാ മുന്നറിയിപ്പുകൾ പ്രാദേശികമായി സംപ്രേഷണം ചെയ്യപ്പെടുകയും ദുരന്താഘാതമേൽക്കാനിടയുള്ള ജനങ്ങളിലേയ്ക്ക് അവ എത്തുകയും ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കുക, ആവശ്യമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളോട് ആവശ്യപ്പെടുക.<br>• അപകടങ്ങളോ പ്രകൃതി ദുരന്തങ്ങളോ ഉണ്ടാകുമ്പോൾ അവയുടെ വ്യാപ്തി മനസ്സിലാക്കി രക്ഷാപ്രവർത്തകർക്കും പോലീസിനും |

മറ്റു ബന്ധപ്പെട്ട അധികാരികൾക്കും സമയബന്ധിതമായി അറിയിപ്പ് നൽകുക.

- രക്ഷാപ്രവർത്തകർ എത്തിച്ചേരുന്നതിനുള്ള ഇടവേളയിൽ പ്രാദേശികമായി ചെയ്യാവുന്ന മുന്നൊരുക്കങ്ങളും ദുരന്തത്തിന്റെ വ്യാപ്തി കൂടാതെയിരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകയും അതിനായി പരിസരവാസികൾക്ക് നിർദ്ദേശങ്ങളും, നേതൃത്വവും നൽകുക. അപകടത്തിൽപ്പെട്ടവർക്ക് അടിയന്തിരവും ശരിയായ രീതിയിലുള്ളതുമായ സഹായമെത്തിക്കുക.
- ദുരന്ത സമയത്തും അപകടങ്ങളിലും അടിയന്തിരമായി ഇടപെടേണ്ട സേവന സൗകര്യങ്ങളുടെ ലഭ്യതയും, അവയെ ബന്ധപ്പെടാനുള്ള നമ്പരുകളും ശേഖരിച്ച് സൂക്ഷിക്കുകയും അടിയന്തിര ഘട്ടങ്ങളിൽ അവ വേഗത്തിൽ ലഭ്യമാക്കുകയും ചെയ്യുക.
- ദുരന്തസമയത്ത് പ്രദേശവാസികളെ ഒഴിപ്പിക്കുകയും റെസ്ക്യൂ ഷെൽട്ടറുകൾ ആരംഭിക്കുകയും വേണ്ടിവന്നാൽ അതിനുള്ള പ്രാദേശിക സൗകര്യങ്ങൾ ഒരുക്കുന്നതിനും അവയുടെ നടത്തിപ്പിനും ബന്ധപ്പെട്ട അധികാരികളെ സഹായിക്കുക.
- പ്രാദേശികമായി രക്ഷാപ്രവർത്തനത്തിലും പുനരധിവാസ പുനർനിർമ്മാണ പ്രവർത്തനങ്ങളിലും സഹായിക്കുകയും പ്രദേശവാസികൾക്ക് സഹായങ്ങൾ എത്തിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്യുക.
- അതതു പ്രദേശത്തെ സ്കൂളുകളിലുള്ള സ്റ്റുഡൻറ് പോലീസ് കേഡറ്റുകൾക്ക്(SPC) ചിട്ടയായ ദുരന്തപ്രതിരോധ-അതിജീവന പരിശീലനം സംഘടിപ്പിക്കുക.
- സമൂഹത്തിൽ ദുരന്ത അതിജീവനക്ഷമത ഉയർത്തുക എന്ന ലക്ഷ്യം മുൻനിർത്തി പൊതുജനങ്ങൾക്ക് പരിശീലന പരിപാടികളും അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.

| | |
|---|---|
| സി) പ്രസ്തുത സേനയിൽ ഏതെല്ലാം മേഖലകളിൽ നിന്നുള്ളവരെയാണ് ഉൾപ്പെടുത്തുന്നതെന്നറിയിക്കാമോ; | സി) ◆ ഇന്ത്യൻ പൗരത്വമുള്ള 18 വയസ്സ് പൂർത്തിയായ സ്ത്രീകൾക്കും പുരുഷൻമാർക്കും വോളണ്ടിയറാകാൻ അപേക്ഷിക്കാം.<br>◆ നാലാം ക്ലാസ് വരെയുള്ള പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ഉണ്ടായിരിക്കണം.<br>◆ പ്രതികൂല സാഹചര്യങ്ങളിൽ പ്രവൃത്തിയെടുക്കുന്നതിന് ബുദ്ധിമുട്ടില്ലാത്തവിധം ശാരീരികവും മാനസികവുമായ കാര്യക്ഷമതയുണ്ടായിരിക്കണം.<br>◆ അപേക്ഷകരുടെ പേരിൽ ക്രിമിനൽ കേസ്/റെക്കോർഡുകളും ഉണ്ടാകരുത്.<br>◆ ആംഡ് ഫോഴ്സസ്, ഫയർ സർവ്വീസ്, ടെറിറ്റോറിയൽ ആർമി, മറ്റു പാരാമിലിറ്ററി സേനകൾ, സമാനമായ യൂണിഫോംഡ് സർവ്വീസുകളെന്നിവയിൽ ജോലിയിലുള്ളവരെയും ആംഡ് ഫോഴ്സിൽ ജോലിചെയ്യുന്ന സിവിലിയന്മാരെയും വോളണ്ടിയറായി തെരെഞ്ഞെടുക്കുന്നതല്ല. എന്നാൽ പ്രസ്തുത സർവ്വീസുകളിൽനിന്ന് സ്വാഭാവികമായി വിരമിച്ചവർക്ക് അംഗമാകാവുന്നതാണ്.<br>◆ മറ്റു സർക്കാർ-അർദ്ധസർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ ഇതര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്നവർക്ക് സ്ഥാപന മേധാവിയുടെ/തൊഴിൽ ദാതാവിന്റെ അനുമതിയോടെ വോളണ്ടിയറാകാൻ അപേക്ഷിക്കാം.<br>◆ വിവിധ ഫയർസ്റ്റേഷനുകളിൽ നിലവിൽ കമ്മ്യൂണിറ്റി റെസ്ക്യൂ വോളണ്ടിയർ സർവീസിലെ അടിസ്ഥാന പരിശീലനം ലഭിച്ചിട്ടുള്ളവർ, സർവ്വീസിൽ നിന്ന് വിരമിച്ചവർ, ഡോക്ടർമാർ, നേഴ്സുമാർ, എഞ്ചിനീയർമാർ, അദ്ധ്യാപകർ, യൂണിഫോംഡ് സർവ്വീസുകളിൽ നിന്ന് വിരമിച്ചവർ തുടങ്ങിയവർക്ക് മുൻഗണന നൽകുന്നതാണ്. ഇതിനുപുറമെ തീരപ്രദേശങ്ങളിൽ കടലിൽ പോയി ശീലമുള്ള മത്സ്യതൊഴിലാളികൾക്കും, മലയോര പ്രദേശങ്ങളിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്കും മുൻഗണന നൽകുന്നതാണ്. |

◆ യുവതീ-യുവാക്കളിൽ സ്റ്റുഡന്റ് പോലീസ് സേനാംഗങ്ങൾ, എൻ.എസ്.എസ് വോളണ്ടിയർമാർ, എൻ.സി.സി. എന്നീ വിഭാഗങ്ങളിൽ പരിശീലനം ലഭിച്ചവർക്ക് പരിഗണന നൽകുന്നതാണ്.

| | |
|---|---|
| ഡി) ഇതു സംബന്ധിച്ച് എന്തെല്ലാം പരിശീലനങ്ങളാണ് ഇവർക്ക് നൽകുന്നത്; വിശദമാക്കാമോ? | ഡി) കായിക ക്ഷമത ഉയർത്തുന്ന പരിശീലനങ്ങൾ, പ്രാഥമിക ചികിത്സാ പരിശീലനം, രക്ഷാപ്രവർത്തനങ്ങളിൽ അറിഞ്ഞിരിക്കേണ്ട അടിസ്ഥാന വിവരങ്ങൾ, ജീവൻരക്ഷാ ഉപകരണങ്ങൾ പരിചയപ്പെടൽ, പ്രത്യേക സന്ദർഭങ്ങളിൽ പ്രാദേശികമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ, പ്രാദേശികമായ സന്നദ്ധതയും ജാഗ്രതയും ഉറപ്പാക്കുന്നതിന് വോളണ്ടിയർമാർ ശേഖരിച്ച് സൂക്ഷിക്കേണ്ട വിവരങ്ങൾ എന്നിവയ്ക്ക് പുറമെ വ്യക്തിത്വ വികസനം, മാനസിക പിരിമുറുക്കം കുറയ്ക്കൽ തുടങ്ങിയവയും കൂടി ഉൾപ്പെടുന്നവിധം ചിട്ടയായതും സമഗ്രമായതുമായ പരിശീലനമാണ് നൽകുക.<br><br>പ്രകൃതിദുരന്തങ്ങളുമായി ബന്ധപ്പെട്ട ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കുള്ള പ്രാഥമിക പരിശീലനങ്ങൾ, അഗ്നിരക്ഷാ വകുപ്പിന്റെ പ്രാദേശിക പരിശീലന കേന്ദ്രങ്ങളുടെ ചുമതലയിൽ, അതതു യൂണിറ്റുകളെ ബന്ധിപ്പിച്ചിട്ടുള്ള ഫയർസ്റ്റേഷൻ തലത്തിലും കൂടുതൽ വിശദമായ പരിശീലനങ്ങൾ റസിഡൻഷ്യൽ പരിശീലനങ്ങളായി ജില്ലാതലത്തിലും നൽകുന്നതാണ്. യുദ്ധകാല പരിതസ്ഥിതികളും കടുത്ത ദുരന്താഘാത സ്ഥിതിയും നേരിടുന്നതിനുള്ള വിദഗ്ധ പരിശീലനങ്ങൾ തൃശ്ശൂരിലെ സിവിൽ ഡിഫൻസ് അക്കാദമയിലും, കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലുമായും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ